LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ വനഭൂമിയുടെ വിസ്തൃതി

108 (2557) ശ്രീ. ബിനോയ് വിശ്വം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ പ്രാകൃതിക വനങ്ങളുടെ വിസ്തൃതി എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) 1957-ലെ കണക്കുകൾ അനുസരിച്ചും 2003-ലെ കണക്കുകൾ അനുസരിച്ചും കേരളത്തിലെ മൊത്തം വിസ്തൃതിയുടെ എത്ര ശതമാനമാണ് സ്വാഭാവിക വനഭൂമി തിട്ടപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) സംസ്ഥാന സർക്കാരിന്റെ ആസൂത്രണ വകുപ്പ് പ്രസിദ്ധീകരിക്കുന്ന സാമ്പത്തിക അവലോകനം അനുസരിച്ച് 1957 മുതൽ നാളിതുവരെ വനഭൂമിയുടെ വിസ്തൃതിയിൽ യാതൊരു മാറ്റവും കാണിച്ചിട്ടില്ലായെന്നുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഈ കണക്കുകൾ ശരിയാണെങ്കിൽ 1957-നുശേഷം സർക്കാർ വനഭൂമിയുടെ വിസ്തൃതിയിൽ യാതൊരു മാറ്റവും ഉണ്ടായിട്ടില്ല എന്ന് കരുതുന്നുണ്ട് ;

(ഇ) 1957-ലേയും 2003-ലേയും സംസ്ഥാനത്തെ വനഭൂമിയുടെ വിസ്തൃതി എത്ര വീതമാണെന്നും അത് മൊത്തം സംസ്ഥാനത്തിന്റെ വിസ്തൃതിയുടെ എത്ര ശതമാനം വീതമാണെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) കേരളത്തിലെ പ്രാകൃതിക വനങ്ങളുടെ വിസ്തൃതി 7,70,000 ഹെക്ടറായി കണക്കാക്കിയിട്ടുണ്ട്.

(ബി) ലഭ്യമായ കണക്കുകൾ അനുസരിച്ച് കേരളത്തിന്റെ മൊത്തം വിസ്തൃതിയുടെ 19.813 ശതമാനം സ്വാഭാവിക വനമുള്ളതായി കണക്കാക്കിയിരിക്കുന്നു.

(സി-ഇ) ഇക്കാര്യം പരിശോധിച്ച് അറിയിക്കുന്നതാണ്.

വനവിസ്തൃതി നിർണ്ണയിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ

109 (2558) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വനങ്ങളെ എത്ര വിഭാഗങ്ങളായി തരംതിരിച്ചിട്ടുണ്ട് ; ഓരോ വിഭാഗത്തിലും ഇപ്പോൾ എത്രവീതം വനപ്രദേശങ്ങളുണ്ട് ;

(ബി) സംസ്ഥാനത്തെ വനമേഖലകളെ സംബന്ധിച്ച് ക്ലാരിഫിക്കേഷൻ ആരാണ് നിർണ്ണയിച്ചത് ; എപ്പോഴായിരുന്നു നിർണ്ണയം നടത്തിയത് ;

(സി) സംസ്ഥാനത്തെ വനങ്ങളെ സംബന്ധിച്ച് ക്ലാരിഫിക്കേഷൻ പഠന റിപ്പോർട്ടിന്റെ ഒരു പ്രതി ലഭ്യമാക്കാമോ ;

(ഡി) സംസ്ഥാനത്ത് ശോഷിത വനങ്ങളായി ഗണിക്കപ്പെട്ടിട്ടുള്ള എത്ര പ്രദേശങ്ങളുണ്ടെന്നും ഇവ ഏതൊക്കെ ജില്ലകളിലാണെന്നും എത്ര പ്രമേയം വീതമാണെന്നും വ്യക്തമാക്കുമോ ;

(ഇ) സംസ്ഥാനത്തെ വനവിസ്തൃതി നിർണ്ണയിക്കുന്നതിന് ഇപ്പോൾ സ്വീകരിച്ചുവരുന്ന മാർഗ്ഗങ്ങൾ ഏതൊക്കെയാണെന്നതിന്റെ വിശദവിവരം വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ 9 ഇനങ്ങളായി തരംതിരിച്ചിരിക്കുന്നു. ഓരോ വിഭാഗവും അതിൽപ്പെടുന്ന വനവിസ്തൃതിയും ചതുരശ്ര കിലോമീറ്ററും ചുവടെ ചേർക്കുന്നു :

1.	ആർദ്ര നിത്യഹരിത വനങ്ങൾ (Tropical wet Evergreen)	...	...
2.	അർദ്ധ നിത്യഹരിത വനങ്ങൾ (Southern Tropical Evergreen Forest)	...	3200 ച.കി.മീ.
3.	ആർദ്ര ഇലകൊഴിയും വനങ്ങൾ (Tropical Moist deciduous Forest)	...	4100 ച.കി.മീ.
4.	ശുഷ്ക ഇലകൊഴിയും വനങ്ങൾ (Tropical Dry deciduous)	...	100 ച.കി.മീ.
5.	ഉപോഷ്ണ മേഖലാ വനങ്ങൾ (Montane Sub Tropical Forests)	...	70 ച.കി.മീ.
6.	മിതോഷ്ണ മേഖലാ ആർദ്ര വനങ്ങൾ (Wet temperate Forests)	...	...
7.	പുൽമേടുകൾ (Grass lands)	...	40 ച.കി.മീ.
8.	വൃക്ഷവിളത്തോട്ടങ്ങൾ (Plantations)	...	1701 ച.കി.മീ.
	ആകെ	...	8400 ച.കി.മീ.

(ബി) ശ്രീ. എച്ച് ജി. ചാമ്പ്യൻ (1925-35), ശ്രീ. എസ്. കെ. സേത്ത് (1960-61) എന്നിവരാണ് രാജ്യത്തെ വനമേഖലകളെ സംബന്ധിച്ച ക്ലാരിഫിക്കേഷൻ നടത്തിയത്. 1962-ലാണ് ഭാരത സർക്കാരിന്റെ ഡിപ്പാർട്ട്മെന്റ് ഓഫ് പ്രിന്റിംഗ് ആന്റ് സ്റ്റേഷനറി രാജ്യത്തെ വനമേഖലകളെ സംബന്ധിച്ച് ക്ലാരിഫിക്കേഷൻ ഉൾപ്പെടുന്ന "ജനറൽ സിൽവികൾച്ചർ ഫോർ ഇന്ത്യ" എന്ന ഗ്രന്ഥം പ്രസിദ്ധീകരിച്ചത്.

(സി) റിപ്പോർട്ടിന്റെ പ്രതി ഇപ്പോൾ ലഭ്യമല്ല.

(ഡി) സംസ്ഥാനത്തെ ജില്ലാടിസ്ഥാനത്തിലുള്ള ശോഷിത വനങ്ങളുടെ വിസ്തീർണ്ണം കൃത്യമായി തിട്ടപ്പെടുത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) സംസ്ഥാനത്തെ വനഭൂമി സർവ്വേ ചെയ്ത് തിട്ടപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ വനഭാഗങ്ങളിലും അതിർത്തി പുനർനിർണ്ണയിച്ചു വരികയാണ്. അതിർത്തി നിർണ്ണയിച്ച ശേഷമേ സർവ്വേ നടത്തുവാൻ സാധിക്കുകയുള്ളു.

കണ്ടൽക്കാടുകളുടെ സംരക്ഷണത്തിനുള്ള നടപടികൾ

110 (2559) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ ആകെ എത്ര ഹെക്ടർ കണ്ടൽക്കാടുകളാണ് ശേഷിക്കുന്നത് ;

(ബി) മറൈൻ ഇക്കോസിസ്റ്റത്തിന്റെ അത്യുത്തമ കലവറയായ കണ്ടൽ കാടുകളുടെ സംരക്ഷണം, പുനരുജ്ജീവനം, വ്യാപനം എന്നിവയ്ക്കായി വനം വകുപ്പ് എന്തെങ്കിലും നടപടികൾ ഇപ്പോൾ ആവിഷ്കരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തു തുകയാണ് ഇതിനായി മാറ്റിവച്ചിട്ടുള്ളതെന്നും എപ്പോൾ മുതൽ നടപ്പാക്കിവരുമെന്നതിന്റെയും വിശദാംശം വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ കണ്ടൽക്കാടുകളുള്ള കണ്ണൂർ ജില്ലയിലെ കണ്ടൽക്കാടുകളുടെ സംരക്ഷണം, പുനരുദ്ധാരണം, വ്യാപനം എന്നിവയ്ക്ക് എന്തെങ്കിലും പ്രത്യേക പദ്ധതി സർക്കാർ നടപ്പാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ആയത് പരിശോധിച്ച് നടപടി സ്വീകരിക്കുമോ ;

(ഡി) തലശ്ശേരി പ്രദേശത്ത് കണ്ടൽക്കാടുകൾക്കുണ്ടായിക്കൊണ്ടിരിക്കുന്ന ശോഷണം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വികസനവും സംരക്ഷണവും സമന്വയിപ്പിച്ച് ഇവിടുത്തെ ഉപ്പുജല ജൈവവ്യൂഹങ്ങളുടെ നിലനില്പിന് എന്തെല്ലാം പ്രത്യേക പദ്ധതികളാണ് ഉദ്ദേശിച്ചിട്ടുള്ളതെന്നുകൂടി വ്യക്തമാക്കാമോ ?

ഉത്തരം

(എ) 1650 ഹെക്ടർ കണ്ടൽക്കാടുകളുണ്ട്.

(ബി) കണ്ടൽക്കാടുകളുടെ സംരക്ഷണം, പുനരുജ്ജീവനം, വ്യാപനം എന്നിവയ്ക്കായി പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ വിശദമായ പദ്ധതി കേന്ദ്രാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. ഇതിനു വേണ്ടി ആദ്യവർഷത്തേക്ക് 50.850 ലക്ഷം രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാരിൽനിന്നും ഡാം പദ്ധതി സഹായം ലഭിക്കുന്ന മുറയ്ക്ക് പദ്ധതികൾ നടപ്പിലാക്കുന്നതാണ്.

(സി) കേന്ദ്രാനുമതിക്കായി സമർപ്പിച്ചിട്ടുള്ള പദ്ധതികളിൽ കണ്ണൂർ ജില്ലയിലെ കണ്ടൽക്കാടുകളുടെ സംരക്ഷണത്തിനുള്ള പദ്ധതികളും ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തലശ്ശേരി പ്രദേശത്തുള്ള കണ്ടൽക്കാടുകളുടെ ശോഷണം തടയുന്നതിന് നിലവിലുള്ള നിയമങ്ങളനുസരിച്ച് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇവിടുത്തെ ഉപ്പുജല ജൈവവ്യൂഹത്തിന്റെ നിലനില്പിനാവശ്യമായ നടപടികളും അംഗീകരിച്ചിട്ടുള്ള ഒരു പദ്ധതിപ്രകാരം ഉദ്ദേശിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly